# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.554 | 26/04/2017-ൽ മറുപടിക്ക്

### ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് പഠനം

| | ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സർക്കാർ പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുന്നതിന് കഴിയുമോ എന്നതാണ് വൈദ്യുതി വകുപ്പ് പരിശോധിക്കുന്നത്. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | ഉണ്ട്. പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക കാര്യങ്ങൾ സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര വൈദ്യുതി അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിസ്ഥിതി ആഘാതം കണ്ടെത്തുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനക്ക് വിധേയമായി പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ കൂടിയാണ് പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ